# പതിമൂന്നാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4434 22/07/2015-ൽ മറുപടിയ്ക്ക്**

**ഫിഷ് കിയോസ്ക്കുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എസ്. ശർമ്മ:**<br>**ശ്രീ. കെ. ദാസൻ:**<br>**ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ):**<br>**ശ്രീ. സാജു പോൾ:** | | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** | |
| (എ) | ഫിഷ്മെയ്ഡ് എന്ന ബ്രാന്റിൽ സംസ്ഥാനത്തുടനീളം 100 ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായോ; | (എ) | ഫിഷ്മെയ്ഡ് എന്ന ബ്രാന്റിൽ 100 ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണിവ സ്ഥാപിക്കപ്പെട്ടത് ; ഇത് സ്ഥാപിക്കുന്നതിനായി ഏതെങ്കിലും സ്വകാര്യ ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ; | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ കൊച്ചിയിൽ ഒരു ഔട്ട്ലെറ്റ് ആരംഭിച്ചു. കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നു. ഇത് സ്ഥാപിക്കുന്നതിനായി സ്വകാര്യ ഏജൻസിയെ നിയോഗിച്ചിട്ടില്ല. ഫ്രാഞ്ചൈസി കൺസൾട്ടന്റ്, മാർക്കറ്റിംഗ് കൺസൾട്ടന്റ്, ഹോസ്പിറ്റാലിറ്റി കൺസൾട്ടന്റ് എന്നിവരെ എംപാനൽ ചെയ്തിട്ടുണ്ട്. |
| (സി) | മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിപണനം ആരംഭിച്ചിട്ടുണ്ട്; നാളിതുവരെ നടത്തിയ വിൽപനയുടെ വിശദാംശങ്ങൾ നൽകാമോ ; | (സി) | മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ കൊല്ലത്ത് ശക്തിക്കുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന സെൻട്രലൈസ്ഡ് പ്രൊഡക്ഷൻ യൂണിറ്റായ നളപാകത്താണ് ഉൽപ്പാദിപ്പിച്ച് വിപണനം ആരംഭിച്ചിട്ടുള്ളത്. നാളിതുവരെ 24.87 ലക്ഷം രൂപയുടെ വിൽപന നടത്തിയിട്ടുണ്ട്. |
| (ഡി) | ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച സഹായം എത്രയെന്നും വിനിയോഗിച്ചത് എത്രയെന്നും വ്യക്തമാക്കുമോ? | | ഫിഷ്മെയ്ഡ് എന്ന ബ്രാന്റിൽ ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും ഒരു കോടി രൂപ ലഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ച ഒരു കിയോസ്കിന് 3.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ സംസ്ഥാന സർക്കാരിൽ നിന്നും പുതിയതായി നൽകിയ ഭരണാനുമതി പ്രകാരമാണ് ആദ്യ ഔട്ട്ലെറ്റ് കൊച്ചിയിൽ സ്ഥാപിച്ചത്. |

**സെക്ഷൻ ആഫീസർ**